# പ്രവാസികൾക്കുള്ള പുനരധിവാസ പദ്ധതി (NDPREM)

തൊഴിൽ തേടി വിദേശത്ത് ചേക്കേറിയ മലയാളികൾ കേരളസമ്പദ്‌വ്യവസ്ഥയുടെ സാമ്പത്തിക അടിത്തറ പാകുന്നതിനും ഭദ്രമായി നിലനിർത്തുന്നതിനും നിർണ്ണായകമായ പങ്കാണ് വഹിച്ചിട്ടുള്ളത്. കേരളത്തിന്റെ സാമൂഹിക സാമ്പത്തിക മേഖലകളിൽ ശക്തമായ ചലനം സൃഷ്ടിക്കാൻ ഗൾഫ് ഉൾപ്പെടെയുള്ള രാജ്യങ്ങളിൽ നിന്നുള്ള വിദേശ പണത്തിന് കഴിഞ്ഞിരുന്നു. ലക്ഷക്കണക്കിന് സാധാരണക്കാരുടെ ജീവിതം കരുപിടിപ്പിക്കുന്നതിന് വിദേശ തൊഴിലവസരങ്ങൾ വഹിച്ചപങ്ക് വളരെ വലുതാണ്. ആഗോളമാന്ദ്യം, ദേശസാൽക്കരണം, സാമൂഹ്യരാഷ്ട്രീയ ചുറ്റുപാടുകളിൽ വന്ന മാറ്റങ്ങൾ എന്നിവ മൂലം മടങ്ങിയെത്തുന്ന പ്രവാസികളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുകയാണ്. പ്രവാസ ജീവിതം മതിയാക്കി മടങ്ങിയെത്തുന്ന പലരുടെയും മുന്നിൽ പുതിയ തൊഴിലവസരങ്ങളും വരുമാന സ്രോതസ്സുകളും ചോദ്യചിഹ്നമായി നിലനിൽക്കുകയാണ്. മടങ്ങിയെത്തുന്ന പ്രവാസികളുടെ വരുമാനവും തൊഴിലും ഉറപ്പുവരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ഉത്തരവാദിത്തമായി അംഗീകരിച്ചുകൊണ്ടുള്ള പദ്ധതികളാണ് കേരള സർക്കാർ പ്രാവാസികാര്യ വകുപ്പുവഴി വിഭാവനം ചെയ്തിരിക്കുന്നത്. ഇത്തരമൊരു പദ്ധതിയാണ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) – തിരികെയെത്തിയ പ്രവാസികൾക്കായുള്ള പുനരധിവാസ പദ്ധതി. രണ്ടു വർഷമെങ്കിലും പ്രവാസ ജീവിതം നയിക്കുകയും സ്ഥിരമായി മടങ്ങി എത്തുകയും ചെയ്തവർക്കായി വിവിധ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി സബ്സിഡിയോടുകൂടിയ ബാങ്ക് വായ്പ ഏർപ്പെടുത്തുന്നതാണ് ഈ പദ്ധതിയുടെ ഉള്ളടക്കം. സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള മതിയായ അവബോധമില്ലായ്മയുടെയും ആസൂത്രണ പാടവത്തിന്റെ അഭാവവും മൂലം പല സ്വയംതൊഴിൽ സംരംഭങ്ങളും പരാജയപ്പെടുകയാണ് ചെയ്യുന്നത്. ഇത്തരമൊരു സാഹചര്യം വിലയിരുത്തി പദ്ധതിയിൽ അംഗങ്ങളാകുന്നവർക്ക് മാർഗ്ഗനിർദ്ദേശങ്ങളും, പരിശീലനങ്ങളും, പ്രൊഫഷണൽ മാനേജ്മെന്റ് പിന്തുണയും നൽകുന്നതിനായി കേരള സർക്കാർ പ്രവാസികാര്യ വകുപ്പായ നോർക്ക റൂട്ട്സ്, കേരള സർക്കാർ സ്വയംഭരണ സ്ഥാപനമായ സെന്റർഫോർ മാനേജ്മെന്റ് ഡവലപ്പ്മെന്റിനെ (സി.എം.ഡി) ചുമതലപ്പെടുത്തിയിരിക്കുകയാണ്. ഇതനുസരിച്ചുള്ള പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

*മൂന്നു ഘട്ടങ്ങളായാണ് ഈ പദ്ധതിയെ വിഭാവനം ചെയ്തിരിക്കുന്നത്.*

**ഒന്നാം ഘട്ടം**

പദ്ധതിയുടെ ലക്ഷ്യങ്ങളെയും ഘടകങ്ങളെയും ഗുണങ്ങളെയും കുറിച്ച് ഗുണഭോക്താക്കൾക്ക് പരിചയപ്പെടുത്തുന്നതാണ് ഒന്നാം ഘട്ടം.

**രണ്ടാം ഘട്ടം**

തെരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കൾക്ക് ആവശ്യമായ പ്രായോഗിക തൊഴിൽ പരിശീലനം നൽകി വരുമാന വർദ്ധനവിനിണങ്ങുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുവാൻ പ്രാപ്തരാക്കുക എന്നതാണ് ലക്ഷ്യമിടുന്നത്. വികേന്ദ്രീകൃത മാതൃകയിൽ പ്രാദേശികാടിസ്ഥാനത്തിൽ പരിശീലനപരിപാടികൾ സംഘടിപ്പിക്കും. തദ്ദേശീയമായി ലഭ്യമായിട്ടുള്ള വിഭവങ്ങളുടെയും, തൊഴിൽ സാധ്യതകളുടെയും, ഉല്പന്നങ്ങളുടെയും, സേവനങ്ങളുടെയും ആവശ്യകതയും കണക്കിലെടുത്താണ് തൊഴിൽ പരിശീലന പരിപാടികൾ. പൊതുവിൽ ഇവയെ ഉത്പ്പന്നാധിഷ്ഠിതം, സേവന/ജോലി അധിഷ്ഠിതം, കാർഷികാധിഷ്ഠിതം എന്നിങ്ങനെ തരംതിരിച്ചിരിക്കുന്നു. അടിസ്ഥാന മാനേജ്മെന്റ് പരിശീലനം, വ്യക്തിത്വ വികസനം, പഠന യാത്രകൾ എന്നിവ ഈ പരിശീന പദ്ധതിയുടെ ഭാഗമാണ്.

**മൂന്നാം ഘട്ടം**

പരിശീലനം പൂർത്തീകരിച്ച ഗുണഭോക്താക്കൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്ന തിനോ സ്വയം തൊഴിൽ തേടുന്നതിനോ നിലവിലുള്ള തൊഴിലവസരങ്ങൾ ഉപയോഗപ്പെടു ത്തുന്നതിനോ ആവശ്യമായ പിന്തുണ നൽകുക എന്നതാണ് ഈ ഘട്ടത്തിന്റെ പ്രധാന ലക്ഷ്യം. വ്യക്തിഗതമായും ഗ്രൂപ്പടിസ്ഥാനത്തിലും സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള രജിസ്ട്രേഷൻ, ബിസിനസ് ഡെവലപ്പ്മെന്റ് പ്ലാൻ/റിപ്പോർട്ട് തയ്യാറാക്കൽ, നിലവിലുള്ള വായ്പ പദ്ധതികളുമായി ബന്ധിപ്പിക്കൽ, നിലവിലുള്ള തൊഴിലവസരങ്ങളുമായി ബന്ധിപ്പി ക്കൽ, ആരംഭിക്കുന്ന യൂണിറ്റുകൾക്കുള്ള മാനേജ്മെന്റ് പിന്തുണ എന്നിവ ഈ ഘട്ടത്തിന്റെ ഭാഗമാണ്.

**പദ്ധതിയുടെ ഭാഗമായുള്ള ഹ്രസ്വകാല പരിശീലന പരിപാടികൾ**

| I | **ഉൽപ്പന്നാധിഷ്ഠിത പരിശീലനങ്ങൾ** | **കാലാവധി** |
|---|---|---|
| 1 | പഴവർഗ്ഗ സംസ്ക്കരണം | 12 ദിവസം |
| 2 | ബേക്കറി ഉത്പ്പന്നങ്ങൾ | 20 ദിവസം |
| 3 | വസ്ത്ര നിർമ്മാണവും ഡിസൈനിംഗും | 45 ദിവസം |
| 4 | കെട്ടിട നിർമ്മാണ സാമഗ്രികൾ | 30 ദിവസം |
| 5 | എൽ.ഇ.ഡി. ഉത്പ്പന്നങ്ങളുടെ നിർമ്മാണം | 30 ദിവസം |
| 6 | സോളാർ ഉത്പ്പന്നങ്ങളുടെ നിർമ്മാണം | 30 ദിവസം |
| II | **സേവന/ജോലി അധിഷ്ഠിത പരിശീലനങ്ങൾ** | |
| 1 | ഹോളിഡേ മാനേജ്മെന്റ് പരിശീലനം | 20 ദിവസം |
| 2 | കേറ്ററിംഗ് പരിശീലനം | 20 ദിവസം |
| 3 | ഇരുചക്ര, മൂന്നുചക്ര, നാല്ചക്ര വാഹനങ്ങളുടെ സർവ്വീസിംഗ് പരിശീലനം | 60 ദിവസം |
| 4 | പ്ലംബിംഗ് & ഇലക്ട്രിക്കൽ പരിശീലനം | 30 ദിവസം |
| 5 | പ്രൊഫഷണൽ അക്കൗിംഗിൽ പരിശീലനം | 45 ദിവസം |
| 6 | അലുമിനിയം ഫാബ്രിക്കേഷൻ പരിശീലനം | 45 ദിവസം |
| III | **കാർഷിക അധിഷ്ഠിത പരിശീലനങ്ങൾ** | |
| 1 | പ്ലാന്റ് നഴ്സറി മാനേജ്മെന്റ് ആന്റ് ലാന്റ് സ്കേപ്പിംഗ് പരിശീലനം | 7 ദിവസം |
| 2 | കോഴി, ആട് എന്നിവ വളർത്തലിനുള്ള പരിശീലനം | 7 ദിവസം |

പരിശീലന പദ്ധതിയിൽ നേരിട്ട് രജിസ്റ്റർ ചെയ്യുന്നതിനുള്ള അവസരം നൽകുന്നതി നായി സേവനകേന്ദ്രം (ഹെൽപ്പ്ഡെസ്ക്) സി.എം.ഡി യിൽ പ്രവർത്തിക്കുന്നു. **0471-2329738** എന്ന നമ്പറിൽ ഫോൺ മുഖാന്തിരവും തിരുവനന്തപുരം തൈക്കാ ടുള്ള സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റ് ഓഫീസിൽ നേരിട്ടും, **www.cmdkerala.net** എന്ന വെബ്സൈറ്റ് വഴിയും രജിസ്റ്റർ ചെയ്യുന്നതിനുള്ള അവസരം ഒരുക്കിയിട്ടുണ്ട്.